TUESDAY 13.02.2024 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 13/02/2024

1. മൃഗസംരക്ഷണ വകുപ്പ് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്റർ കുടപ്പനയ്ക്കുന്ന് സെന്റർ ഓഫ് എക്സലൻസ് മന്ദിരം ആൻഡ് റെക്കോർഡിങ് സ്റ്റുഡിയോയുടെ ഉദ്ഘാടനം 2024 ഫെബ്രുവരി 13ന് രാവിലെ 9.30ന് മൃഗസംരക്ഷണ ക്ഷീര വികസന മൃഗശാല വകുപ്പ് മന്ത്രി ശ്രീമതി ജെ ചിഞ്ചുറാണി ഉദ്ഘാടനം നിർവഹിക്കുന്നു. തദവസരത്തിൽ വട്ടിയൂർക്കാവ് എംഎൽഎ അഡ്വ. വി കെ പ്രശാന്ത് അധ്യക്ഷത വഹിക്കുന്നതാണ്.

2. ജില്ലാ അഗ്രിഹോർട്ടികൾച്ചറൽ സൊസൈറ്റി സംഘടിപ്പിക്കുന്ന കണ്ണൂർ പുഷ്പോത്സവം' 2024 ഫെബ്രുവരി എട്ട് മുതൽ 19 വരെ കണ്ണൂർ പൊലീസ് മൈതാനത്ത് നടക്കുന്നു. ജല സസ്യങ്ങളുപയോഗിച്ചുണ്ടാക്കിയ അക്വേറിയത്തിന്റെ മാതൃകയിലുള്ള ഡിസ്പ്ലേ പുഷ്പോത്സവത്തിന്റെ മുഖ്യ ആകർഷണമാകും. 40 ഓളം ഇനം ശുദ്ധ ജല സസ്യങ്ങൾ ഉപയോഗിച്ചാണ് ഇത് ഒരുക്കുന്നത്.

3. ന്യൂഡൽഹിയിൽ വച്ച് സംഘടിപ്പിക്കുന്ന ഇന്ത്യ ഇൻറർനാഷണൽ ഹോർട്ടി എക്സ്പോയിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരളയുടെ എക്സിബിഷൻ സ്റ്റാളിൽ ഹോർട്ടികൾച്ചർ മേഖലയുമായി ബന്ധപ്പെട്ട വിഭവങ്ങൾ മൂല്യ വർദ്ധിത ഉത്പന്നങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതിനും വിൽപ്പനയ്ക്കും താത്പര്യമുള്ള /കർഷക സംഘടനകൾ / കൂട്ടായ്മകൾ എന്നിവരിൽ നിന്നും അപേക്ഷ സ്വീകരിക്കുന്നു. അപേക്ഷയിൽ പ്രദർശിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന ഹോർട്ടികൾച്ചർ ഉത്പന്നത്തിന്റെ വിശദാംശവും, പങ്കെടുക്കുന്നവരുടെ എണ്ണവും വ്യക്തമായി കാണിക്കേണ്ടതുണ്ട്. വിശദ വിവരങ്ങൾക്ക് mdshmkerala@yahoo.co.in എന്ന ഈ-മെയിൽ വിലാസത്തിൽ ബന്ധപ്പെടുക.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. മികച്ച മൃഗക്ഷേമ പ്രവർത്തകർക്കും സംഘടനകൾക്കും സർക്കാർ ഏർപ്പെടുത്തുന്ന പുരസ്ക്കാരത്തിനായി അപേക്ഷ ക്ഷണിച്ചു. 2023 - 24 കാലയളവിൽ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തികൾ, സംഘടനകൾ എന്നിവർ പ്രവർത്തന റിപ്പോർട്ടും ഫോട്ടോകളും സഹിതം കൊല്ലം ജില്ലയിലെ തേവള്ളി ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ ഫെബ്രുവരി 15ന് മുമ്പ് അപേക്ഷ നൽകണം. 10,000 രൂപയാണ് പുരസ്കാരം അപേക്ഷ ഫോറം ജില്ലയിലെ എല്ലാസർക്കാർ മൃഗാശുപത്രികളിലും ലഭ്യമാണ്.

5. മണർകാട്: പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും കാവേരി, ഗ്രാമശ്രീ ഇനങ്ങളിൽപെട്ട ഒരു ദിവസം പ്രായമായ മുട്ടക്കോഴി കുഞ്ഞുങ്ങളെ പൂവൻ ഒന്നിന് 5 രൂപയ്ക്കും പിട ഒന്നിന് 25 രൂപയ്ക്കും എല്ലാ ചൊവ്വ , വെള്ളി ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ ലഭ്യമാണ്. കോഴി മുട്ട ഒന്നിന് 5.50/-നും കോഴി വളം കിലോയ്ക്ക് 3 രൂപയ്ക്കും എല്ലാ ദിവസങ്ങളിലും ലഭ്യമാണെന്ന് അസിസ്റ്റന്റ് ഡയറക്ടർ പൗൾട്രി ഫാം മണർകാട് അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0481- 2373710, 8301897710

**പരിശീലന പരിപാടി**

6. മലപ്പുറം ജില്ലയിലെ ആതവനാട് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്ന് (ഫെബ്രുവരി 13) രാവിലെ 10 മുതൽ ആട് വളർത്തൽ വിഷയത്തിൽ പരിശീലനം നൽകുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ള കർഷകർ 0494 2962296 എന്ന നമ്പരിൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. ക്ഷീര വികസന വകുപ്പ് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ ഫെബ്രുവരി 13, 14 തീയതികളിൽ ക്ഷീരകർഷകർക്കായി സമഗ്ര പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 8113893153 / 9633668644 ലേക്ക് whatsapp ചെയ്യുകയോ പ്രവർത്തി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ദിവസങ്ങളിൽ വിളിക്കുകയോ ചെയ്യുക. രജിസ്ട്രേഷൻ ഫീസ് 20 രൂപ. ആധാർ, ബാങ്ക് പാസ്ബുക്ക്എന്നിവയുടെ പകർപ്പുകൾ കൊണ്ടുവരേണ്ടതാണ്.

8. കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2024 ഫെബ്രുവരി 13,14 തീയതികളിൽ **"ക്ഷീരസംരംഭകത്വം ശാസ്ത്രീയ പശുപരിപാലനത്തിലൂടെ'** എന്ന വിഷയത്തിൽ രണ്ടു ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. 10 പശുക്കളെ വളർത്തുന്നവരോ അതിന് സാഹചര്യമുള്ളവരോ ഇന്ന് (ഫെബ്രുവരി 13) രാവിലെ 10 മണിക്ക് കോട്ടയം ഈരയിൽക്കടവിലുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ എത്തി രജിസ്ട്രേഷൻ നടത്തേണ്ടതാണ്. രജിസ്ട്രേഷൻ ഫീ - 20/-രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ആധാർ കാർഡ്, ബാങ്ക് പാസ് ബുക്ക് എന്നിവയുടെ പകർപ്പുകൾ കൊണ്ടുവരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0481-2302223 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

9. കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം **"തേനീച്ച വളർത്തൽ"** എന്ന വിഷയത്തിൽ ഒരു ഓൺലൈൻ പരിശീലന പരിപാടി ഫെബ്രുവരി മാസം 22 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരാണ് ഈ കോഴ്സ് കൈകാര്യം ചെയ്യുന്നത്. താൽപ്പര്യമുള്ളവർ ഫെബ്രുവരി 21 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. www.celkau.in എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് ഫെബ്രുവരി 22 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്